"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അസിസ്റ്റന്റായ ശ്രീമതി. സ്മിത. ജി എസ് - ന്റെ ഭർത്താവിന്റെ ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (സ്പെഷ്യൽ -ഇ) വകുപ്പ്

G.O.(Rt)No.283/2025/GAD തീയതി,തിരുവനന്തപുരം, 22-01-2025

---

പരാമർശം:- 1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 17.05.2024 - ലെ എസി1-1/81/2023/കെ.പി.എസ്.സി നമ്പർ കത്ത്.

2. 22.11.2024 — ലെ സ.ഉ. (പി) നം. 100/2024/ധന നമ്പർ ഉത്തരവ്.

**ഉത്തരവ്**

കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അസിസ്റ്റന്റായ ശ്രീമതി. സ്മിത ജി എസ്സ് - ന്റെ ഭർത്താവിന്റെ ചികിത്സയ്ക്കായി 12.07.2023 മുതൽ 20.07.2023 വരെയുള്ള കാലയളവിൽ വെഞ്ഞാറമൂട് ശ്രീ ഗോകുലം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചെലവായ തുകയായ 2,88,609.61/- രൂപയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിട്ടുള്ള 2,29,315/- രൂപ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ആയി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷ മേൽ പരാമർശം പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി ശിപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അസിസ്റ്റന്റായ ശ്രീമതി. സ്മിത ജി എസ്സ് - ന്റെ ഭർത്താവിന്റെ ചികിത്സയ്ക്കായി 12.07.2023 മുതൽ 20.07.2023 വരെയുള്ള കാലയളവിൽ വെഞ്ഞാറമൂട് ശ്രീ ഗോകുലം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചെലവായ തുകയായ 2,88,609.61/- രൂപയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിട്ടുള്ള 2,29,315/- രൂപയുടെ 80% ആയ 1,83,452/- രൂപ (ഒരു ലക്ഷത്തി എൺപത്തിമൂവായിരത്തി നാനൂറ്റി അൻപത്തിരണ്ട് രൂപ മാത്രം), ഈ ചികിൽസക്ക് പലിശരഹിത വായ്പ എടുത്തിട്ടില്ലെന്ന സത്യവാങ്മൂലം അപേക്ഷകയിൽ നിന്നും കൈപ്പറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെന്ന വ്യവസ്ഥയിൽ, പരാമർശം (2) ഉത്തരവിലെ ഖണ്ഡിക (iv) പ്രകാരം പ്രതിപൂരണം ചെയ്ത് നൽകാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Sudha B

JOINT SECRETARY

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും

അനുബന്ധ രേഖകളും സഹിതം)

ശ്രീമതി. സ്മിത ജി എസ്, കുന്നിൽ വീട്, മൈലാക്കുഴി, വെഞ്ഞാറമൂട് പി.ഒ., തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് ( ലോൺസ് - എൽ1/133/2024/ധന തീയതി 30.11.2024 പ്രകാരം)

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Binu Kumar N S

Date: 22-01-2025 13:23:07

സെക്ഷൻ ഓഫീസർ